ദന്ത രോഗ വിഭാഗം, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങൾ ഈ ആശുപത്രിയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്ക്, ലാബ് എന്നിവ ഈ ആശുപത്രിയിലുണ്ട്. റേഡിയോളജിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാൽ അൾട്രാ സൗണ്ട് സ്കാനിംഗ് നടത്താൻ കഴിയുന്നില്ല. സ്വകാര്യ ഡോക്ടർമാരെ കരാറടിസ്ഥാനത്തിൽ നിയമിച്ച് സി.റ്റി. സ്കാൻ പ്രവർത്തിപ്പിച്ചു വരുന്നു. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി എട്ടര കോടി രൂപ ചെലവഴിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആർ.എസ്.ജി.വൈ., ജെ.എസ്.എസ്.കെ., ആരോഗ്യ കിരണം, എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ചികിത്സ, എന്നിവ നല്ല രീതിയിൽ നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ വിലയിരുത്തുന്നതിന് ആഗസ്റ്റ് മാസത്തിൽ ഒരു മീറ്റിംഗ് വിളിച്ചു കൂട്ടുന്നതാണ്. ഇവിടെ ഉയർത്തിയ ആവശ്യങ്ങൾ എന്താണെന്ന് പരിശോധിച്ച് അതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(32) കൊടുങ്ങല്ലൂർ ബൈപ്പാസ് സർവ്വീസ് റോഡ്

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, നമ്മുടെ ദേശീയപാത 17-ൽ, കൊടുങ്ങല്ലൂർ ബൈപ്പാസ് കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകാലമായി ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യമായിരുന്നു. അവിടെ ബൈപ്പാസ് നിർമ്മിക്കുന്നതിനുവേണ്ടി ജനങ്ങൾ 45 മീറ്റർ സ്ഥലം യാതൊരു പ്രക്ഷോഭവുമുണ്ടാകാതെ ഗവൺമെന്റ് പറഞ്ഞ സംഖ്യയ്ക്ക് വിട്ടുകൊടുത്തതാണ്. ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഉൾപ്പെടെ കേസ് വന്നു, കോടതിയലക്ഷ്യത്തിന് ഉദ്യോഗസ്ഥന്മാർക്ക് എതിരെ നോട്ടീസ് വന്നിട്ടാണ് അവിടെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ബൈപ്പാസിന് അനുമതി നൽകിയത്. അങ്ങ് ഉൾപ്പെടെയുള്ള ആളുകൾ ഗുരുവായൂരിലേക്കും മലബാറിലേയ്ക്കും പോകുന്നത് കൊടുങ്ങല്ലൂർ വഴിയാണ്. അതിനുവേണ്ടിയാണ് കൊടുങ്ങല്ലൂർ ബൈപ്പാസ് എന്ന പ്രൊപ്പോസൽ തന്നെ ഉണ്ടായത്. ബൈപ്പാസ് പ്രൊപ്പോസൽ വന്ന സന്ദർഭത്തിൽ 350 മീറ്റർ സർവ്വീസ് റോഡുകൂടി ഉണ്ടായിരുന്നു. 45 മീറ്റർ സ്ഥലമാണ് ജനങ്ങൾ റോഡിനുവേണ്ടി സ്വയം വിട്ടു കൊടുത്തത്. മൂന്നര കിലോമീറ്റർ വരുന്ന ബൈപ്പാസിന്റെ 350 മീറ്ററിലുള്ള സർവ്വീസ് റോഡ് നിർമ്മിച്ചിട്ടില്ല. 150 മീറ്റർ സ്ഥലത്ത് മാത്രമാണ് ഇപ്പോൾ സർവ്വീസ് റോഡ് നിർമ്മിച്ചത്. ബൈപ്പാസിന്റെ പണി പൂർത്തിയായി. പക്ഷേ റോഡ് ഉറന്നു കൊടുക്കാൻ സാധിക്കുന്നില്ല. ജനങ്ങൾ വളരെ പ്രക്ഷോഭത്തിലാണ്. അവശേഷിക്കുന്ന 200 മീറ്റർ സർവ്വീസ് റോഡുകൂടി പൂർത്തിയാക്കിയാൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ പണി പൂർത്തിയായ റോഡ് ഉടനെ കൊടുക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ താൽപ്പര്യമെടുക്കണം. അതോടൊപ്പം തന്നെ പി.ഡബ്ല്യു.ഡി. പ്രീ-മൺസൂൺ വർക്കുകൾ റോഡുകളിൽ ചെയ്തിട്ടില്ല. കഴികളൊന്നും അടച്ചിട്ടില്ല. മഴക്കാലമാണെങ്കിൽ പോലും, പി.ഡബ്ല്യു.ഡി. മൺസൂൺ വർക്ക് ചെയ്യാത്തതിന്റെ ഫലമായി വന്നിട്ടുള്ള കഴികൾ നികത്തുന്നതിനും, അറ്റകുറ്റ പണികൾ നടത്തുന്നതിനും വേണ്ട നടപടികൾ സംസ്ഥാന വ്യാപകമായി ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു സബ്മിഷനാണ്. 3.58 കിലോമീറ്റർ ദൈർഘ്യമുള്ള കൊടുങ്ങല്ലൂർ ബൈപ്പാസിന് 38 കോടി 80 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. നിർഭാഗ്യവശാൽ, ആദ്യഘട്ടത്തിൽ ഡി.പി.ആർ. എടുത്ത അവസരത്തിൽ സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനുള്ള പണം വകകൊള്ളിച്ചിട്ടുണ്ടായിരുന്നില്ല. ഈ റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. വളരെ വലിയ സേവനം അർപ്പിച്ചിട്ടുണ്ട്. അത് പറയാതിരിക്കാൻ കഴിയുകയില്ല. എന്നെ തന്നെ പ്രേരിപ്പിച്ച് ചുരുങ്ങിയത് ഒരു ഡസൺ റിവ്യൂ മീറ്റിംഗെങ്കിലും നടത്തിയിട്ടുണ്ട്. റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. പക്ഷേ റോഡ് ഉടനെ കൊടുക്കാൻ സ്ഥലം വിട്ടുതന്ന ജനങ്ങൾ സമ്മതിക്കുന്നില്ല. അതിന്റെ നേതൃത്വം ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കുമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, റോഡ് ഉപയോഗിക്കാതെ കിടന്നാൽ മോശമായി പോകാനുള്ള സാധ്യതയുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ നമുക്കൊരു സന്തോഷ വാർത്തയുള്ളത് സെൻട്രൽ ഗവൺമെന്റിന്റെ ആന്വൽ പ്ലാനിൽ ഇതുൾപ്പെടുത്തിയിട്ടുണ്ട് എന്നത് സംബന്ധിച്ചുള്ള ഒരു കടലാസ് കിട്ടിയിട്ടുണ്ട്. അത് സഭയുടെ മേശപ്പുറത്ത് വയ്ക്കാനും അദ്ദേഹത്തിന് കൊടുക്കാനും ഞാൻ തയ്യാറാണ്. അദ്ദേഹത്തിന്റെ ഗ്രഡ് ഓഫീസ് ഉപയോഗിച്ച കൊണ്ട് ജനങ്ങളെ സമാധാനപ്പെടുത്തി റോഡ് ഉടനെകൊടുക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. സഭ കഴിഞ്ഞാൽ ചീഫ് എഞ്ചിനീയർ ഡൽഹിയിൽ പോയി അനുവാദം വാങ്ങിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതോടെപ്പം തന്നെ അത് സാധിച്ചില്ലെങ്കിൽ സംസ്ഥാന പൊതുമരാമത്തു വകുപ്പ് ഇതിന്റെ കുറേ ഐറ്റംസ് ഒഴിവാക്കിക്കൊണ്ട് ഏറ്റവും അത്യാവശ്യമുള്ള സർവ്വീസ് റോഡ് നിർമ്മിക്കുന്നതാണ്. കഴികൾ അടയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കരാറുകാർ മുഴുവൻ കരാറും ഏറ്റെടുക്കാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. അതാണ് പ്രധാന പ്രശ്നം. അതിന്റെ വിശദ വിവരത്തിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല. കാരണം ശ്രീ. മാത്യു റ്റി. തോമസ് ഒരു സബ്മിഷൻ നൽകിയിട്ടുണ്ട് അതിൽ ഇക്കാര്യം സംബന്ധിച്ച് മറുപടി പറയാം. ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യത്തിൽ മുൻകൈ എടുത്ത് വളരെ ചരിത്രപ്രസിദ്ധമായ നഗരത്തിലെ ബൈപ്പാസ് ഉറന്നുകൊടുക്കാൻ ഒരു സംവിധാനം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

(33) മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മാണം

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സർ, കൊച്ചി ധനുഷ്കോടി നാഷണൽ ഹൈവേയിലെ മൂവാറ്റുപുഴ ബൈപ്പാസിനുവേണ്ടി കടാതി മുതൽ പുന്നമറ്റം വരെയുള്ള സ്ഥലം വർഷങ്ങൾക്കുമുൻപേ അലൈൻമെന്റ് ഫിക്സ് ചെയ്ത് ഭൂമി മാർക്ക് ചെയ്ത് മാറ്റിയിട്ടിരിക്കുകയാണ്. എന്നാൽ ബൈപ്പാസിന്റെ നിർമ്മാണം വർഷങ്ങളായി അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ഈ അലൈൻമെന്റിൽപ്പെട്ട ഭൂമിയുടെ ഉടമസ്ഥർക്ക് ഭൂമി കൈമാറ്റം നടത്താൻ സാധിക്കാതെയും നഷ്ടപരിഹാരം ലഭിക്കാതെയും നട്ടം തിരിയുകയാണ്. തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ മൂന്ന് ബൈപ്പാസുകൾ നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനിടയിൽ പി.പി.പി. അടിസ്ഥാനത്തിലോ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്ത സംരംഭമെന്ന നിലയിലോ ഇത് പണിയുമെന്നാണ് വാർത്തകൾ കേൾക്കുന്നത്. എന്നാൽ ഇപ്പോൾ ബന്ധപ്പെട്ടവരെല്ലാം മൗനം പാലിക്കുകയാണ്. മൂവാറ്റുപുഴ നഗര മധ്യത്തിലൂടെ കടന്നുപോകുന്ന നാഷണൽ ഹൈവേക്ക് ബൈപ്പാസ് നിർമ്മിക്കുകയെന്നത് ഏറ്റവും അനിവാര്യമായ കാര്യമാണ്. അതുപോലെ തന്നെ ഭൂമി നൽകാൻ സന്നദ്ധരായ അനേകം ആളുകൾ അനുഭവിക്കുന്ന ജീവിത പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കേണ്ടതാണ്. നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് അടിയന്തരമായി പ്രശ്നം പരിഹരിക്കാനും റോഡ് നിർമ്മിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, മൂവാറ്റുപുഴ ടൗണിൽ ദേശീയപാത 49-ൽ കാരക്കുന്നം മുതൽ കടാതി വരെയുള്ള 6 കിലോമീറ്ററാണ് മൂവാറ്റുപുഴ ബൈപ്പാസിന്റെ അംഗീകരിക്കപ്പെട്ട അലൈൻമെന്റ്. ഇതിനായി 45 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് ഏകദേശം 22.81 ഹെക്ടർ സ്ഥലം ആവശ്യമാണ്. കേന്ദ്ര മന്ത്രാലയത്തിന്റെ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ മൂവാറ്റുപുഴ ബൈപ്പാസിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ഉടൻ കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

1281/2018

LIBRARY ARCHIVES Kerala Legislative Assembly